ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.04.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ 62.37 ശതമാനത്തിലധികം പോളിങ്; വോട്ടെടുപ്പ് പൂർത്തിയായത് 102 മണ്ഡലങ്ങളിൽ.**

   **A high voter turnout of over 62.37 per cent reports in the first phase of the Lok Sabha elections. Polling completed in 102 constituencies.**

2. **മൂന്നാം ഘട്ട വോട്ടെടുപ്പിനുള്ള നാമനിർദേശ പത്രിക സമർപ്പണം അവസാനിച്ചു; പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന്.**

   **Submission of nomination papers for the third phase ends, Scrutiny of nomination papers will be held today.**

3. **കേരളത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണം ചൂടു പിടിക്കുന്നു; എൻ ഡി എയ്ക്കായി നിർമല സീതാരാമനും യു ഡി എഫിനായി പ്രിയങ്ക ഗാന്ധിയും ഇന്നെത്തും; സി പി ഐ ദേശീയ ജനറൽ സെക്രട്ടറി ഡി രാജ വയനാട്ടിൽ.**

   **The election campaign is intensifying in Kerala. Nirmala Sitharaman will campaign for NDA and Priyanka Gandhi for UDF today, CPI National General Secretary D Raja in Wayanad.**

4. **തൃശ്ശൂർ പൂരത്തിലെ പ്രതിസന്ധികൾ പരിഹരിച്ചു, വെടിക്കെട്ടിന് തുടക്കം.**

   **Thrissur Pooram crisis resolved, fireworks begins.**

5. **5. ഐപിഎല്ലിൽ ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ ലഖ്നൗ സൂപ്പർ ജയന്റ്സിന് 8 വിക്കറ്റ് ജയം.**

   **Lucknow Super Giants wins by 8 wickets against Chennai Super Kings in IPL.**

****************************

## NT EC OVERALL FIRST PHASE (INTRO)

ലോക്സഭാ തെരഞ്ഞെടുപ്പിൻ്റെ ആദ്യഘട്ട വോട്ടെടുപ്പ് നടന്ന 102 സീറ്റുകളിൽ രാത്രി 9 മണി വരെ ലഭ്യമായ കണക്കനുസരിച്ചു 62.37 ശതമാനത്തിലധികം പോളിങ്. വോട്ടെടുപ്പ് ഏറെക്കുറെ സമാധാനപരമായിരുന്നു.

**ഒരു റിപ്പോർട്ട്...........**

**(വോയ്സ്)**

ഏഴ് ഘട്ടങ്ങളിലായുള്ള പൊതുതെരഞ്ഞെടുപ്പിൽ, 21 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 102 മണ്ഡലങ്ങളിലേക്കാണ് ഇന്നലെ വോട്ടെടുപ്പ് നടന്നത്. ഉത്തരാഖണ്ഡ്, അരുണാചൽ പ്രദേശ്, സിക്കിം, മേഘാലയ, നാഗാലാൻഡ്, മിസോറാം, തമിഴ്നാട് സംസ്ഥാനങ്ങളിലും, പുതുച്ചേരി, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ലക്ഷദ്വീപ് എന്നീ കേന്ദ്രഭരണ പ്രദേശങ്ങളിലും വോട്ടെടുപ്പ് നടന്നു.പശ്ചിമ ബംഗാളിലെ മൂന്ന് സീറ്റുകളിൽ 77.57 ശതമാനവും ഉത്തർപ്രദേശിലെ എട്ട് സീറ്റുകളിൽ 58.49-ഉം ബിഹാറിലെ നാലിടത്തു 48.50 ശതമാനവും രാജസ്ഥാനിൽ 56.58 ഉം പോളിങ് രേഖപ്പെടുത്തി. മഹാരാഷ്ട്രയിലെ അഞ്ച് സീറ്റുകളിൽ 55.35 ശതമാനവും അസമിലെ അഞ്ചിടത്ത് 72.10 ഉം തമിഴ്നാട്ടിലെ 39 സീറ്റുകളിലും ആദ്യഘട്ടത്തിൽ 65.19 ശതമാനത്തിലധികം രേഖപ്പെടുത്തി. ഉത്തരാഖണ്ഡിലെ അഞ്ചിടത്ത് സീറ്റുകളിലും 54.06 ശതമാനവും ഛത്തീസ്ഗഡിലെ ഒരു സീറ്റിൽ 63.41 ശതമാനവും രേഖപ്പെടുത്തി. ത്രിപുരയിലെ ഒരു സീറ്റിൽ 80.17 ശതമാനം രേഖപ്പെടുത്തി. 1,625 സ്ഥാനാർത്ഥികളാണ് മത്സരിച്ചത്. മുതിർന്ന ബിജെപി നേതാക്കളും കേന്ദ്രമന്ത്രിമാരുമായ നിതിൻ ഗഡ്കരി, സർബാനന്ദ സോനോവാൾ, കിരൺ റിജിജു, ഡോ. ജിതേന്ദ്ര സിംഗ്, സഞ്ജീവ് ബല്യാൻ, ബിജെപി നേതാക്കളായ തമിഴിസൈ സൗന്ദരരാജൻ, ജിതിൻ പ്രസാദ, കോൺഗ്രസ് നേതാക്കളായ ഗൗരവ് ഗൊഗോയ്, കാർത്തി ചിദംബരം, നകുൽ നാഥ്, ഡിഎംകെയുടെ ദയാനിധി മാരൻ എന്നിവരാണ് പ്രമുഖർ.

**ന്യൂസ് ഡെസ്ക് ആകാശവാണി...........**

*****************************

## PUTHUCHERY – ELECTION

പുതുച്ചേരി ലോക് സഭാ മണ്ഡലത്തിൻറെ ഭാഗമായ മാഹിയിൽ 65.95 ശതമാനം പേർ വോട്ട് രേഖപ്പെടുത്തി. ആകെയുള്ള 31,038 വോട്ടർമാരിൽ 20,468 പേർ വോട്ട് ചെയ്തു. 31 ബൂത്തുകളിലും വനിതാ ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ചായിരുന്നു മാഹിയിലെ തിരഞ്ഞെടുപ്പ്.

****************************

## PM FIRST PHASE

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ മികച്ച പ്രതികരണമാണ് ലഭിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വോട്ട് ചെയ്ത എല്ലാവർക്കും സമൂഹമാധ്യമ കുറിപ്പിൽ പ്രധാനമന്ത്രി നന്ദി അറിയിച്ചു

****************************

## EVE. PM- WARDHA RALLY

പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്നലെ മഹാരാഷ്ട്രയിലെ വാർധയിൽ തിരഞ്ഞെടുപ്പ് റാലിയിൽ സംസാരിച്ചു. നിരവധി വികസന പദ്ധതികൾ മഹാരാഷ്ട്രയിൽ കൊണ്ട് വന്നതായി അദ്ദേഹം പറഞ്ഞു. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കേന്ദ്ര സർക്കാർ ചെയ്ത വികസന പ്രവർത്തനങ്ങൾ അദ്ദേഹം എടുത്തു പറഞ്ഞു. വാർധയിലും പടിഞ്ഞാറൻ വിദർഭയിലെ മറ്റ് നാല് മണ്ഡലങ്ങളിലും ഈ മാസം 26 ന് വോട്ടെടുപ്പ് നടക്കും.

****************************

## KARNATAKA-NOMINATION

കർണാടകയിൽ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ മൂന്നാം ഘട്ടത്തിൽ 14 സീറ്റുകളിൽ ആകെ 337 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. ചീഫ് ഇലക്ടറൽ ഓഫീസ് പുറത്തുവിട്ട കണക്കുകൾ പ്രകാരം, ഈ ഘട്ടത്തിലേക്കുള്ള പത്രിക സമർപ്പണം ആരംഭിച്ചതു മുതൽ 309 പുരുഷന്മാരും 28 സ്ത്രീകളും ഉൾപ്പെടെ 503 പേർ നാമനിർദ്ദേശ പത്രികകൾ സമർപ്പിച്ചു. പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ഏപ്രിൽ 22 ആണ്, വോട്ടെടുപ്പ് മെയ് ഏഴിന് നടക്കും.

****************************

## THIRD PHASE ELECTION SCRUTINY

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ മൂന്നാം ഘട്ടത്തിനുള്ള നാമനിർദേശ പത്രിക സമർപ്പണം അവസാനിച്ചു. പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന് നടക്കും. തിങ്കളാഴ്ചയാണ് സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന ദിവസം. മൂന്നാം ഘട്ടത്തിൽ 10 സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 94 പാർലമെന്റ് സീറ്റുകളിലേക്കാണ് വോട്ടെടുപ്പ് നടക്കുക. മെയ് ഏഴിനാണ് വോട്ടെടുപ്പ്. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ നാലാം ഘട്ടത്തിനുള്ള നാമനിർദേശ പത്രിക സമർപ്പണ നടപടികൾക്ക് വ്യാഴാഴ്ച തുടക്കമായിരുന്നു. ഒമ്പത് സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തെയുമുൾപ്പെടെ 96 ലോക്സഭാ സീറ്റുകളിലേക്ക് മെയ് 13 നാണ് നാലാം ഘട്ട വോട്ടെടുപ്പ്.

****************************

## KERALA – ELECTION

ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന യുഡിഎഫ് സ്ഥാനാർത്ഥികളുടെ പ്രചാരണാർത്ഥം എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്കാഗാന്ധി ഇന്ന് കേരളത്തിലെത്തും. രാവിലെ 11.30ന് പ്രത്യേക വിമാനത്തിൽ കൊച്ചിയിൽ എത്തുന്ന പ്രിയങ്കഗാന്ധി ചാലക്കുടി ലോക്സഭാ മണ്ഡല സ്ഥാനാർത്ഥി ബെന്നി ബെഹനാന് വേണ്ടി എരിയാട് നടക്കുന്ന പൊതു സമ്മേളനത്തിൽ പങ്കെടുക്കും. തുടർന്ന് യുഡിഎഫ് സ്ഥാനാർത്ഥി ആന്റോ ആന്റണിക്ക് വേണ്ടി പത്തനംതിട്ടയിൽ നടക്കുന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്ത ശേഷം തിരുവനന്തപുരത്ത് ശശി തരൂരിന്റെ പ്രചാരണ പരിപാടിയുടെ ഭാഗമായി റോഡ് ഷോയിലും പൊതുസമ്മേളനത്തിലും ശ്രീമതി പ്രിയങ്ക ഗാന്ധി പങ്കെടുക്കും. അതേ സമയം തിരുവനന്തപുരം ലോക്സഭാ മണ്ഡലം എൻഡിഎ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖറിന് പിന്തുണയുമായി ഇന്ന് രാവിലെ 10 ന് കവടിയാർ വിമൻസ് ക്ലബിൽ ചേരുന്ന അനന്തപുരി മഹിളാ കൂട്ടായ്മ കേന്ദ്രധനമന്ത്രി നിർമലാ സീതാരാമൻ ഉദ്ഘാടനം ചെയ്യും.

******************************

## CM-KERALA CAMPAIGN

സി പി ഐ ദേശീയ ജനറൽ സെക്രട്ടറി ഡി രാജ ഇന്ന് വയനാട്ടിൽ പ്രചാരണത്തിനെത്തും. വൈകിട്ട് മാനന്തവാടിയിൽ ആനി രാജയുടെ റോഡ്ഷോ ഉദ്ഘാടനം ചെയ്യും. മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വടകര മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് പൊതുയോഗങ്ങളിൽ പങ്കെടുക്കും. പുറമേരി, കൊയിലാണ്ടി, പാനൂർ എന്നിവിടങ്ങളിൽ അദ്ദേഹം പങ്കെടുക്കും.

******************************

## CEO KERALA

മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും വീട്ടിൽ വോട്ട് ചെയ്യാൻ സൗകര്യമൊരുക്കുന്ന പ്രക്രിയയിലെ വീഴ്ചകൾ ഒരുകാരണവശാലും അനുവദിക്കില്ലെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ. വീട്ടിൽ വോട്ട് നടപടികൾ പൂർത്തീകരിക്കുമ്പോൾ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ അന്തസത്ത കാത്തുസൂക്ഷിക്കുന്നവിധം ജാഗ്രതയോടെ ഉദ്യോഗസ്ഥർ പ്രവർത്തിക്കണമെന്നും മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

******************************

## ERNAKULAM – VOTE

എറണാകുളം മണ്ഡലത്തിൽ 2,475 പേർ വീട്ടിൽ വോട്ട് സൗകര്യം ഉപയോഗിച്ച് വോട്ട് രേഖപ്പെടുത്തി. ചാലക്കുടി മണ്ഡലത്തിൽ ഈ സൗകര്യം 5,494 പേർ വിനിയോഗിച്ചു.

******************************

## K K SAILAJA

വടകര ലോക്സഭാ മണ്ഡലം എൽ.ഡി.എഫ്. സ്ഥാനാർഥി കെ.കെ.ശൈലജയക്കെതിരെ വ്യാജ വീഡിയോ പ്രചരിപ്പിച്ച മുസ്ലിം ലീഗ് നേതാവിനെ ന്യൂ മാഹി പോലീസ് അറസ്റ്റ് ചെയ്തു. യു.ഡി.എഫ്. ന്യൂമാഹി പഞ്ചായത്ത് ചെയർമാനും ഒൻപതാം വാർഡ് പഞ്ചായത്തംഗവുമായ പെരിങ്ങാടിയിലെ ടി.എച്ച്.അസ്‌ലമിനെയാണ് അറസ്റ്റ് ചെയ്തത്. സമുദായ സ്പർധയുണ്ടാക്കാൻ ശ്രമിച്ചതടക്കമുള്ള വകുപ്പുകൾ ചേർത്താണ് കേസെടുത്തത്. അറ സ്റ്റ് രേഖപ്പെടുത്തി തലശ്ശേരി ജു ഡീഷ്യൽ ഒന്നാംക്ലാസ് മജിസ്‌ട്രേട്ട് കോടതിയിൽ ഹാജരാക്കി ജാമ്യത്തിൽവിട്ടു. '

******************************

## THRISSUR POORAM

തൃശ്ശൂർ പൂരം വെടിക്കെട്ടിലെ പ്രതിസന്ധികൾ പരിഹരിച്ചു. പാറമേക്കാവി ൻറെ വെടിക്കെട്ടിന് തുടക്കമായി. പിന്നാലെ തിരുവമ്പാടി ദേവസ്വത്തിൻറെ വെടിക്കെട്ടും നടത്തും. വെടിക്കെട്ട് ഉടൻ നടത്താൻ മന്ത്രി കെ. രാജനുമായി നടത്തിയ ചർച്ചയിലാണ് തീരുമാനമായത്. പ്രശ്നം പരിഹരിച്ചതോടെ പ്രതിഷേധത്തിനായി അണച്ച അലങ്കാര പന്തലിലെ വെളിച്ചം പുനസ്ഥാപിച്ചു. നേരത്തെ പോലീസുമായുള്ള തർക്കത്തെത്തുടർന്ന് വെടിക്കെട്ട് നിർത്തി വച്ച് തിരുവമ്പാടി ദേവസ്വം പ്രതിഷേധിച്ചിരുന്നു. വെടിക്കെട്ടിന് അനാവശ്യ നിയന്ത്രണം ഏർപ്പെടുത്തിയെന്ന് ആരോപിച്ചായിരുന്നു പ്രതിഷേധം. വെടിക്കെട്ട് ആരംഭിക്കുന്നതിന് മണിക്കൂറുകൾ മുന്നേതന്നെ പോലീസ് ആളുകളെ തടഞ്ഞതോടെ തർക്കമുണ്ടായി. ഇതോടെ രാത്രിപൂരം പകുതിയിൽവെച്ച് അവസാനിപ്പിക്കുകയായിരുന്നു.

******************************

## IPL

ഐപിഎല്ലിൽ ഇന്നലെ നടന്ന മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ ലഖ്നൗ സൂപ്പർ ജയന്റ്സിന് 8 വിക്കറ്റ് ജയം. 177 റൺസ് വിജയലക്ഷ്യം പിന്തുടർന്നിറങ്ങിയ ലഖ്നൗ 19 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. ആദ്യം ബാറ്റ് ചെയ്ത ചെന്നൈ നിശ്ചിത 20 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 176 റൺസെടുത്തിരുന്നു. ചെന്നൈക്ക് വേണ്ടി രവീന്ദ്ര ജഡേജയും ലഖ്നൗവിന് വേണ്ടി കെ എൽ രാഹുലും അർധസെഞ്ചുറി നേടി. ഇന്ന് നടക്കുന്ന മത്സരത്തിൽ ഡൽഹി ക്യാപ്പിറ്റൽസ് സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും. ന്യൂഡൽഹിയിലെ അരുൺ ജയ്റ്റ്ലി സ്റ്റേഡിയത്തിൽ രാത്രി 7.30നാണ് മത്സരം.

******************************

## ISL

ഐഎസ്എൽ 2023-24 സീസണിൽ സെമിഫൈനൽ കാണാതെ കേരളാ ബ്ലാസ്റ്റേഴ്സ് പുറത്ത്. ഇന്നലെ നടന്ന പ്ലേ ഓഫ് മത്സരത്തിൽ ഒന്നിനെതിരെ രണ്ടുഗോളുകൾക്ക് ഒഡീഷ, ബ്ലാസ്റ്റേഴ്സിനെ പരാജയപ്പെടുത്തി. അധികസമയത്തേക്കു നീണ്ട പോരാട്ടത്തിനൊടുവിലാണ് ഒഡീഷ ബ്ലാസ്റ്റേഴ്സിനെ കീഴടക്കിയത്. ഇതോടെ ഒഡീഷ സെമിഫൈനലിൽ പ്രവേശിച്ചു. ഇന്ന് നടക്കുന്ന മത്സരത്തിൽ ഗോവ, ചെന്നൈയിൻ എഫ്സിയെ നേരിടും. രാത്രി 7.30നാണ് മത്സരം.

****************************

## COLOMBO - IOC

കൊളംബോയിൽ ലങ്ക ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ നേതൃത്വത്തിൽ സംഗീത സായാഹ്നം സംഘടിപ്പിച്ചു. പ്രശസ്ത ബോളിവുഡ് ഗായകൻ അഭിജിത്ത് ഗാനങ്ങൾ ആലപിച്ചു. ശ്രീലങ്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ സന്തോഷ് ഝാ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ചെയർമാൻ സുജോയ് ചൗധരി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ശ്രീലങ്കയിലെ രണ്ട് ആശുപത്രികൾക്ക് ഡയാലിസിസ് മെഷീനുകളും ലങ്ക ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ നൽകി.

****************************

## US-ISRAEL

ഇസ്രയേലി സുരക്ഷാ മന്ത്രിയുടെ സഖ്യകക്ഷിക്കു വേണ്ടി പണം സ്വരൂപിച്ച രണ്ട് സ്ഥാപനങ്ങൾക്ക് അമേരിക്ക ഉപരോധം ഏർപ്പെടുത്തി. ഓൺലൈൻ ധനസമാഹരണ പ്രചാരണത്തിനും വിലക്ക് ഏർപ്പെടുത്തി. ഇസ്രായേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവിന്റെ നയങ്ങളിൽ വർദ്ധിച്ചുവരുന്ന അമേരിക്കയുടെ അതൃപ്തിയുടെ സൂചനയാണ് ഉപരോധം.

****************************

## US-PAKISTAN

പാക്കിസ്ഥാൻ്റെ ബാലിസ്റ്റിക് മിസൈൽ പദ്ധതിക്കായി ഉപകരണങ്ങൾ വിതരണം ചെയ്ത 4 കമ്പനികൾക്ക് അമേരിക്ക ഉപരോധം ഏർപ്പെടുത്തി. ചൈനയിലും ബെലാറസിൽ നിന്നുമുള്ള കമ്പനികൾക്കാണ് വിലക്ക്. ആയുധ വ്യാപനത്തിനുള്ള ഇടപാടുകളിൽ പങ്കാളിയായതിനാണ് നടപടിയെന്ന് അമേരിക്കൻ വക്താവ് മാത്യു മില്ലർ പറഞ്ഞു.

****************************

************************************************************************************************